**എൻഡോസൾഫാൻ കീടനാശിനിയുടെ ഉപയോഗം ഒഴിവാക്കാൻ നടപടി**

216 (1183) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതിക്കും ജീവനും നാശം വിതയ്ക്കുന്ന എൻഡോസൾഫാൻ പോലുള്ള കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും ഇല്ലായ്മ ചെയ്യുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ ആണ് ആവിഷ്കരിച്ചു നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കാമോ ;

(ബി) പാലക്കാട് ജില്ലയിലെ നെൽക്കൃഷി ഉൾപ്പെടെയുള്ള കാർഷിക വിളകൾക്ക് നിലവിൽ ഏതെല്ലാം കീടനാശിനികൾ ആണ് കൃഷിവകുപ്പിന്റെ നിർദ്ദേശപ്രകാരം കർഷകർ ഉപയോഗിക്കുന്നതെന്ന് വിശദീകരിക്കാമോ ;

(സി) പ്രസ്തുത കീടനാശിനികളിൽ ഏതിലെങ്കിലും മാരകവിഷങ്ങൾ കലർന്നിട്ടുണ്ടോ ; എങ്കിൽ അതു നിരോധിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ :

(ഡി) നാച്യുറൽ പെസ്റ്റിസൈഡുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ എൻഡോസൾഫാൻ എന്ന കീടനാശിനിയുടെ ഉപയോഗം കേന്ദ്ര സർക്കാരിന്റെ 31-10-2006-ലെ ജി.എസ്.ആർ. നമ്പർ 1874(ഇ) നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം നിരോധിച്ചിട്ടുണ്ട്. എൻഡോസൾഫാന്റെ ഉപയോഗം നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാനായി കൃഷി വകുപ്പ് ഉദ്യോഗസ്ഥർ കർശന പരിശോധന നടത്തി വരുന്നുണ്ട്. അംഗീകൃത ഡിപ്പോകൾ വഴി എൻഡോസൾഫാൻ വിൽപ്പന നടത്തുന്നതായി ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അനധികൃതമായി അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്നത് തടയുവാൻ ചെക്ക് പോസ്റ്റുകളിൽ കർശന പരിശോധന നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കാർഷിക സർവ്വകലാശാലയുടെ പാക്കേജ് ഓഫ് പ്രാക്ടീസ് അനുസരിച്ചുള്ള കീടനാശിനികളാണ് പാലക്കാട് ജില്ലയിൽ വിളകൾക്ക് പ്രയോഗിക്കുന്നത്.

(സി) കേന്ദ്ര ഇൻസെക്ടിസൈഡ് ബോർഡിന്റെ അനുമതി ലഭിച്ചിട്ടുള്ള കീടനാശിനികളാണ് ഉപയോഗിക്കുന്നത്.

(ഡി) ജൈവകീട നിയന്ത്രണ മാർഗ്ഗങ്ങൾ വ്യാപിപ്പിച്ച് കൊണ്ടുള്ള കൃഷി രീതി പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കീടനാശിനികളുടെ ഉപയോഗം പരമാവധി കുറച്ചുകൊണ്ടുള്ള കൃഷി രീതികളെ കുറിച്ച് കർഷകർക്ക് പരിശീലനം നൽകി വരുന്നുണ്ട്. നാച്ചുറൽ പെസ്റ്റിസൈഡുകൾ പലതും ഗവേഷണ സ്ഥാപനങ്ങളുടെ നിർദ്ദേശപ്രകാരം ശിപാർശ ചെയ്തു വരുന്നുണ്ട്. കൃഷി വകുപ്പിന്റെ സ്ഥാപനമായ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് ജൈവ കീടനിയന്ത്രണോപാധികൾ ഉല്പാദിപ്പിച്ച് വിതരണം നടത്തി ജൈവ കീടനിയന്ത്രണ മാർഗ്ഗങ്ങൾ പരമാവധി സ്ഥലത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly